LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിയുടെ ലാഭവും നഷ്ടവും

255 (944) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റി നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ ലാഭം എത്രയാണ്; നഷ്ടത്തിലാണെങ്കിൽ നഷ്ടം എത്ര?

ഉത്തരം

കേരള ജല അതോറിറ്റിയുടെ വാർഷിക കണക്കുകൾ 2013-14 വർഷം വരെ പൂർത്തീകരിച്ചു. 2013-14 വർഷത്തെ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം ടി വർഷത്തെ നഷ്ടം 449.23 കോടി രൂപയാണ്. ഇതിൽ സർക്കാർ ജിക്ക പദ്ധതികൾക്കായി നൽകിയ വായ്പയിന്മേൽ നൽകുവാനുള്ള പലിശ 216.46 കോടി രൂപയും ആസ്തികളിൽ മേലുള്ള തേയ്മാനം 73.98 കോടി രൂപയും ഒഴിച്ചാൽ പ്രവർത്തന നഷ്ടം 158.79 കോടി രൂപയാണ്.

കുടിവെള്ള പദ്ധതി പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കൽ

256 (945) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല നിവാസികൾക്കായി നടപ്പിലാക്കിയ ജപ്പാൻകുടിവെള്ള പദ്ധതിക്കായി ഇതിനോടകം എത്ര രൂക ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ; ഇതിന്റെ ഗുണഭോക്താക്കൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ശരിയായ രീതിയിലുള്ള പമ്പിംഗ് എല്ലാമേഖലകളിലേക്കുമുള്ള കുടിവെള്ള വിതരണവും സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ജപ്പാൻ കുടിവെള്ളത്തിന്റെ ശരിയായ രീതിയിലുള്ള വിതരണത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ; ഈ തടസ്സങ്ങൾ മാറ്റാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) കുടിവെള്ളത്തിന് അപേക്ഷ നൽകിയിട്ടുള്ളവർക്ക് ശരിയായ രീതിയിൽ കുടിവെള്ളം ലഭിക്കുന്നതിന് എത്ര നാൾ ആകുമെന്ന് പറയാമോ; കോടികൾ മുടക്കിയുള്ള ഈ പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി ലഭിക്കാതെ വന്നാൽ ഉണ്ടാകാവുന്ന നഷ്ടത്തെക്കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ, ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടി 434.63 കോടി രൂപ ചെലവായി. 6.53 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുവരെ 35348 കണക്ഷനുകൾ നൽകി ഏകദേശം 1.80 ലക്ഷം പേർക്ക് പ്രയോജനം ലഭ്യമാക്കിയിട്ടുള്ളതായി കണക്കാക്കുന്നു.

(ബി) ഇപ്പോൾ രാവിലെ അഞ്ച് മണിമുതൽ രാത്രി പത്ത് മണിവരെയാണ് പമ്പിംഗ് നടത്തുന്നത്. പിറവത്തുനിന്നും ശുദ്ധീകരണശാലയിലേക്ക് നദീജലം എത്തിക്കുന്ന പൈപ്പ്ലൈനിൽ മറവൻതുരുത്ത് പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള 1100 എം.എം.ജി.ആർ.പി. പൈപ്പ് ലൈനിൽ പൊട്ടലുകളുണ്ടായതിനാലാണ് രാത്രികാല പമ്പിംഗ് നിർത്തിവച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ ആവശ്യമായ ഏകദേശം 37 എം.എൽ.ഡി. ശുദ്ധജലം മേൽപ്പറഞ്ഞ സമയത്തുള്ള പമ്പിംഗിലൂടെ വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്.

(സി) ശരിയായ രീതിയിൽ ജലവിതരണം നടത്തുന്നതിന് നിലവിൽ സ്ഥാപിച്ചിട്ടുള്ള നാല് കി.മീ. ജി.ആർ.പി. പൈപ്പ് ലൈൻ മാറ്റി പകരം ഉദ്ദേശിച്ചിട്ടുള്ള എം.എസ്. പൈപ്പ് സ്ഥാപിക്കണം. ജി.ആർ.പി.-ക്ക് പകരം ഉദ്ദേശിച്ചിട്ടുള്ള എം.എസ്. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആലപ്പുഴ പ്രോജക്ട് ഡിവിഷന്റെ കീഴിൽ നടന്നുവരുന്നു.

(ഡി) ഇപ്പോഴത്തെ സാഹചര്യത്തിൽ പരമാവധി കണക്ഷനുകൾ നൽകുവാനും ജി.ആർ.പി. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന മുറയ്ക്ക് പൂർണ്ണ തോതിൽ ജലവിതരണം നടത്തുവാനും സാധിക്കുന്നതാണ്. ജി.ആർ.പി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് ഒരു വർഷത്തോളം വേണ്ടിവരും. ജി.ആർ.പി. പൈപ്പിന് പകരം എം.എസ്. പൈപ്പ് സ്ഥാപിച്ച് പ്രശ്നം പരിഹരിക്കുവാൻ അടിയന്തര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

കുടിവെള്ള പദ്ധതികൾ

257 (946) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;